**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1147** **02-02-2026 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ജല അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ; | (എ) | കേരളാ വാട്ടർ അതോറിറ്റി അതിന്റെ ആരംഭകാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധി വരെ സഹായകര മാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരിഫ് അനുസരിച്ച ഉപഭോക്താക്കളിൽ നിന്നും പിരിച്ചെ ടുക്കുന്ന വാട്ടർ ചാർജാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാന മാർഗ്ഗം.<br><br>2024-25 വർഷത്തെ പ്രൊവിഷണൽ വാർഷിക കണക്കുകൾ പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന് ഉല്പാദന പ്രസരണ ചെലവ് 24.56 രൂപയായിരുന്നു. അതേസമയം 1000 ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി ലഭിച്ചത് 19.90 രൂപയാണ്. അതായത് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരളാ വാട്ടർ അതോറിറ്റിക്ക് 4.66 രൂപ നഷ്ടം ഉണ്ടാകുന്നു. ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് കേരളാ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു.<br><br>കേരളാ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നത് വാട്ടർ സപ്ലൈ റെഗുലേഷൻ ആക്ട് 1986 (1986 ലെ ആക്ട് 14) അനുസരിച്ചാണ്. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച കുടിവെള്ള ചാർജ് ഫിക്സ് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് ലാഭമോ നഷ്ടമോ ഇല്ലാത്തരീതിയിൽ ആയിരിക്കണ മെന്നുണ്ട്. ആക്ടിലെ സെക്ഷൻ 15 സബ്സെക്ഷൻ (iii) അനുസരിച്ച ഗവൺമെന്റിന്റെ അനുമതിയില്ലാതെ |

| | | | |
|---|---|---|---|
| | | | കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ താരിഫ് പുതുക്കുവാൻ സാധിക്കുകയില്ല.<br><br>വർഷാവർഷം വർദ്ധിച്ച വരുന്ന ശമ്പളം, പെൻഷൻ, വൈദ്യുതി ചെലവ്, അറ്റകുറ്റപണികളുടെ ചെലവ്, വായ്പ തിരിച്ചടവ് (പലിശ ഉൾപ്പടെ) എന്നിവക്ക് അനുസൃതമായി കുടിവെള്ള ചാർജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഇവയെല്ലാം കേരളാ വാട്ടർ അതോറിറ്റി നഷ്ടത്തിലാകുവാൻ കാരണമാകുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ കണക്കുകൾ പ്രകാരം നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത വർഷത്തെ ആകെ നഷ്ടം 317.63 കോടി രൂപയാണ്, സഞ്ചിത നഷ്ടം 7156.76 കോടി രൂപയാണ്.<br><br>കേരള വാട്ടർ അതോറിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ കണക്ക പ്രകാരമുള്ള ബാലൻസ് ഷീറ്റിൻറയും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെയും സംക്ഷിപ്ത രൂപം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | ജല അതോറിറ്റിക്ക് പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വൻകിട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും അടക്കം കോടിക്കണക്കിന് രൂപ പിരിഞ്ഞു കിട്ടാനുണ്ട് എന്നത് വസ്തുതയാണോ ; എങ്കിൽ പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ജല അതോറിറ്റിക്ക് പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക (ഡിസംബർ 2025 വരെയുള്ളത്) ചുവടെ ചേർക്കുന്നു.<br><br>പൊതുമേഖല സ്ഥാപനങ്ങൾ: 18.44 കോടി രൂപ<br><br>സർക്കാർ സ്ഥാപനങ്ങൾ: 123.24 കോടി രൂപ<br><br>25 ലക്ഷം രൂപയിൽ കൂടുതൽ കുടിശ്ശിക വരുത്തിയ വൻകിട സ്വകാര്യ സ്ഥാപനങ്ങൾ ഇല്ല.<br><br>വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ച വരുന്നു.<br><br>പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ച വരുന്നു. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടക്കണം എന്ന് കാണിച്ച് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും ജലവിഭവവകുപ്പ് സെക്രട്ടറി 2022-ൽ കത്ത് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത ഓഫീസിൽ നിന്നുള്ള നിർദ്ദേശം അനുസരിച്ച് എല്ലാ വർഷവും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എല്ലാ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച കത്ത് മുഖേന |

| | | | |
|---|---|---|---|
| | | | അറിയിപ്പുകൾ നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സർക്കാർ സ്ഥാപനങ്ങളിലെയും വാട്ടർ ചാർജ്ജ് കുടിശ്ശിക ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് വാട്ടർ അതോറിറ്റിയ്ക്ക് ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് 2023-ൽ കത്ത് നൽകിയിരുന്നു. മാത്രമല്ല എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിലെ ഓഫീസർമാർ നേരിട്ട് പോയി കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്തുകളും നൽകുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ വകുപ്പ് മേലാധികാരികൾക്കും ഡിവിഷൻ തലത്തിൽ കത്തിടപാടുകൾ നടത്തുന്നുണ്ട്. കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളെയും വകുപ്പ് മേധാവികളെയും നേരിൽ കണ്ട് കുടിശ്ശിക തുക എത്രയും വേഗം അടക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. സെക്ഷൻ തലത്തിൽ ഇതിനായി സ്ക്വാഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. കുടിശ്ശിക "ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" പ്രകാരം അടക്കാൻ സന്നദ്ധമാകുന്ന വകുപ്പുകൾക്ക് അതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ സർക്കാർ വകുപ്പുകളിലെ കുടിശ്ശികകൾ പരമാവധി ഇളവുകൾ നൽകി തീർപ്പു കൽപ്പിക്കാറുണ്ട്.<br><br>കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകി കണക്ഷൻ കട്ട് ചെയ്ത് കുടിശ്ശിക ഈടാക്കുക, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി കുടിശ്ശിക പിരിച്ചെടുക്കുക, വലിയ കുടിശ്ശികയുള്ള ബില്ലുകൾക്ക് തവണകൾ (പരമാവധി 10 തവണകൾ) അനുവദിച്ച് കുടിശ്ശിക പിരിക്കുക, റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ച് കുടിശ്ശിക ഈടാക്കുക, റവന്യൂ റിക്കവറി നടപടികൾ നടത്തി കുടിശ്ശിക ഈടാക്കുക, SMS വഴി സന്ദേശം അയച്ച് കുടിശ്ശിക തുക അടക്കാൻ പ്രേരിപ്പിക്കുക തുടങ്ങി വിവിധ മാർഗങ്ങളിലൂടെ വാട്ടർ ചാർജ്ജ് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

കേരള വാട്ടർ അതോറിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ കണക്കു പ്രകാരമുള്ള ബാലൻസ് ഷീറ്റിൻറയും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെയും സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

## പ്രൊവിഷണൽ ബാലൻസ് ഷീറ്റ്

| **ഫണ്ടുകളുടെ ഉറവിടം.** | **( രൂപ )** |
|---|---|
| മൂലധനവും കരുതൽ ധനവും | ₹ 22340.82 കോടി |
| സുരക്ഷിത വായ്പകൾ | ₹ 11.29 കോടി |
| അരക്ഷിത വായ്പകൾ | ₹ 13512.81 കോടി |
| ആകെ | ₹ **35864.92 കോടി** |

| **ഫണ്ടുകളുടെ വിനിയോഗം** | |
|---|---|
| സ്ഥിര ആസ്തി | ₹ 27313.80 കോടി |
| നിക്ഷേപം | ₹ 35.64 കോടി |
| നിലവിലുള്ള ആസ്തി | ₹ 1181.78 കോടി |
| വായ്പയും അഡ്വാൻസും | ₹ 176.94 കോടി |
| സഞ്ചിത നഷ്ടം | ₹ 7156.76 കോടി |
| ആകെ | ₹ **35864.92 കോടി** |

## പ്രൊവിഷണൽ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ട്

| | **( രൂപ )** |
|---|---|
| ആകെ ചെലവ് | ₹2176.71കോടി |
| ആകെ വരുമാനം | ₹2077.01കോടി |

| | |
|---|---|
| വരുമാനത്തിന് ഉപരിയായ ചെലവ് (തേയ്മാനത്തിനു മുമ്പ്) | ₹ 99.70 കോടി |
| തേയ്മാനം | ₹ 217.93 കോടി |
| വരുമാനത്തിന് ഉപരിയായ ചെലവ് (തേയ്മാനത്തിനുശേഷം) | ₹ 317.63 കോടി |
| മുൻ കാലയളവിലെ ക്രമപ്പെടുത്തൽ | ₹ 0 കോടി |
| **വരുമാനത്തിന് ഉപരിയായ ചെലവ്** | **₹ 317.63 കോടി** |